പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2737 09/03/2017-ന് മറുപടിക്ക്**

## മലയാള ഭാഷ ഉപയോഗം

**ചോദ്യം**
**ശ്രീ.എ.എൻ.ഷംസീർ**

**ഉത്തരം**
**ശ്രീ. പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | മലയാള ഭാഷയുടെ ഉപയോഗം വ്യാപകമാക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാം; | (എ) | ഭരണരംഗത്ത് മലയാളഭാഷയുടെ ഉപയോഗം വ്യാപകമാക്കുന്നതിന് സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. 1969-ലെ കേരള, ഔദ്യോഗികഭാഷകൾ ആക്റ്റിന്റെ അടിസ്ഥാനത്തിൽ, നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നഡ എന്നിവയും ഉപയോഗിക്കേണ്ട സാഹചര്യങ്ങൾ ഒഴികെയുള്ള എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും എല്ലാ വകുപ്പുകളിലും സ്ഥാപനങ്ങളിലും മലയാളം മാത്രം ഉപയോഗിക്കണം എന്ന് സൂചിപ്പിക്കുന്ന വിജ്ഞാപനം 2015-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം കേരളത്തിലെ എല്ലാ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഭരണഭാഷ മലയാളമാണ്. ഭാഷാമാറ്റം ത്വരിതപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതല സമിതിയും, ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ സംസ്ഥാനതലസമിതിയും വകുപ്പുതലവന്റെ അധ്യക്ഷതയിൽ ഔദ്യോഗികഭാഷാ വകുപ്പുതല സമിതിയും, |

| | | |
|---|---|---|
| | | ജില്ലാതലത്തിൽ ജില്ലാ കളക്ടർ അധ്യക്ഷനും, ജില്ലാ ഓഫീസർമാർ അംഗങ്ങളുമായ ജില്ലാതല ഔദ്യോഗികഭാഷാ ഏകോപനസമിതിയും പ്രവർത്തിച്ചു വരുന്നു.<br>കേരളത്തിലെ ഭരണഭാഷാവ്യാപനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി, സർക്കാർ ഓഫീസുകളുടെയും, ഓഫീസർമാരുടെയും പേരുകൾ മലയാളത്തിലും, ഇംഗ്ലീഷിലും എഴുതി പ്രദർശിപ്പിക്കണം, സർക്കാർവക വാഹനങ്ങളിലെ ബോർഡുകൾ മലയാളത്തിൽക്കൂടി എഴുതി പ്രദർശിപ്പിക്കണം, സർക്കാർ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും വെബ്സൈറ്റുകളിലെ വിവരങ്ങൾ മലയാളത്തിൽക്കൂടി ലഭ്യമാക്കണം, ഭരണരംഗത്ത് യൂണിക്കോഡ് ഫോണ്ടുകൾ മാത്രമേ ഉപയോഗിക്കാവൂ, വിവിധ വകുപ്പുകളിലെ ആഭ്യന്തര പരിശോധനാ സംവിധാനത്തിൽ 'ഭാഷാമാറ്റ പുരോഗതി' എന്ന വിഷയം കൂടി ഉൾപ്പെടുത്തി പരിശോധിക്കണം, മന്ത്രിസഭായോഗത്തിനുള്ള കുറിപ്പുകളും യോഗനടപടിക്കുറിപ്പുകളും മലയാളത്തിലായിരിക്കണം, "മലയാളം നമ്മുടെ ഭരണഭാഷ", "ഹർജികളും നിർദ്ദേശങ്ങളും ദയവായി മലയാളത്തിൽ നൽകുക" എന്ന ബോർഡ് എല്ലാ ഓഫീസുകളിലും പ്രദർശിപ്പിക്കണം, ഔദ്യോഗികഭാഷ സംബന്ധിച്ച ഉത്തരവുകൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. വിവിധ വകുപ്പുകൾ പ്രസിദ്ധീകരിക്കുന്ന ഭരണറിപ്പോർട്ടുകൾ മലയാളത്തിലായിരിക്കേണ്ടതാണ്, വിവിധ വകുപ്പുകളിലെ |

| | | | |
|---|---|---|---|
| | | | കോഡുകൾ, മാന്വലുകൾ, ചട്ടങ്ങൾ, ഫാറങ്ങൾ തുടങ്ങിയവ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതിനായി ഓരോ വകുപ്പിലും ഡെപ്യൂട്ടി സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ പരിഭാഷാ സെൽ രൂപവൽക്കരിക്കേണ്ടതാണ്, മലയാളം ഉപയോഗിക്കേണ്ട സാഹചര്യത്തിൽ ഈ വ്യവസ്ഥ ലംഘിച്ചുകൊണ്ട് മലയാള ഭാഷയിലല്ലാത്ത കത്തുകളോ ഉത്തരവുകളോ പുറപ്പെടുവിച്ചതായി പൊതുജനങ്ങളിൽനിന്ന് പരാതി ലഭിച്ചാൽ അതിന്മേൽ ഒരു മാസത്തിനുള്ളിൽ നടപടി സ്വീകരിക്കുന്നതാണ് തുടങ്ങിയ നിരവധി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. ഭരണമാധ്യമം മാതൃഭാഷയായ മലയാളത്തിലാണെന്ന് അതത് വകുപ്പദ്ധ്യക്ഷന്മാർ കർശനമായും ഉറപ്പു വരുത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണഭാഷാ വ്യാപനത്തിന് സഹായിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രോൽസാഹനമായി ഭരണഭാഷാ സേവന പുരസ്കാരവും, ഭരണഭാഷാ ഗ്രന്ഥരചനാ പുരസ്കാരവും നൽകി വരുന്നു. മാത്രവുമല്ല ഭാഷാമാറ്റ പ്രവർത്തനത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ജില്ലയ്ക്കും, വകുപ്പിനും, പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്.<br>ഭരണഭാഷ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്ക് ഐ.എം.ജി. കേന്ദ്രങ്ങളിലൂടെ മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം, ഭരണഭാഷാ പരിശീലനം എന്നിവ നൽകിവരുന്നു. ആധുനിക |

| | | | |
|---|---|---|---|
| | | | സാങ്കേതികവിദ്യയിലധിഷ്ഠിതമായ ഭരണഭാഷയുടെ വ്യാപനത്തിന് സഹായകമായി ഭരണഭാഷ സംബന്ധിച്ച ഒരു 'ഓൺലൈൻ നിഘണ്ടു' ഔദ്യോഗികഭാഷാവകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഭരണരംഗത്ത് ഇന്നുപയോഗിക്കുന്ന ഇരുപതിനായിരത്തോളം പദങ്ങളും പ്രയോഗങ്ങളും അവയുടെ നിരവധി മലയാള രൂപങ്ങളും 'ഭരണമലയാളം' എന്ന ഓൺലൈൻ നിഘണ്ടുവിൽചേർത്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിൽ മലയാള ഭാഷ പൂർണ്ണമായും ഉപയോഗിക്കുന്നുണ്ട് എന്നറിയിക്കാമോ? | (ബി) | ഔദ്യോഗികഭാഷാവകുപ്പ്, കേരള നിയമസഭ |

സെക്ഷൻ ഓഫീസർ